235 ജെ. പണി നടത്തുവാനുള്ള അനുവാദം ഏതു കാലാവധിക്കുള്ളിൽ സെക്രട്ടറി നൽകുകയോ നൽകുവാൻ വിസമ്മതിക്കുകയോ ചെയ്യണമെന്ന്.— ഏതെങ്കിലും പണി നടത്തുവാനുള്ള അനുവാദത്തിനായി 235 എഫ് വകുപ്പുപ്രകാരം ലഭിച്ച ഒരു അപേക്ഷയിൻമേൽ, അല്ലെങ്കിൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ, ബൈലാകളിലോ ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും വിവരമോ രേഖയോ കൂടുതൽ വിവരമോ രേഖകളോ കിട്ടിയതിനുശേഷം മുപ്പതു ദിവസത്തിനകം സെക്രട്ടറി രേഖാമൂലമായ ഉത്തരവു മുഖേന, ഒന്നുകിൽ അങ്ങനെയുള്ള അനുവാദം നൽകുകയോ അല്ലെങ്കിൽ 235 എൽ വകുപ്പിൽ പറഞ്ഞ ഏതെങ്കിലും കാരണങ്ങളിൻമേൽ അതു നൽകുവാൻ വിസമ്മതിക്കുകയോ ചെയ്യേണ്ടതും, വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്:

എന്നാൽ മേൽപ്പറഞ്ഞ മുപ്പതു ദിവസക്കാലം 235 ഐ വകുപ്പുപ്രകാരം സ്ഥാനം അംഗീകരിക്കുന്നതുവരെ ആരംഭിക്കുന്നതല്ല.

235 കെ. അംഗീകാരമോ അനുവാദമോ നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിൽ സെക്രട്ടറി കാലതാമസം വരുത്തുകയാണെങ്കിൽ ഗ്രാമ പഞ്ചായത്തിന് റഫർ ചെയ്യൽ.—(1) അതതുസംഗതി പോലെ, 235 ഐ വകുപ്പിലോ 235 ജെ വകുപ്പിലോ നിശ്ചയിച്ച കാലാവധിക്കുള്ളിൽ സെക്രട്ടറി, അതതു സംഗതി പോലെ, കെട്ടിട സ്ഥാനത്തിന് തന്റെ അംഗീകാരം ഒന്നുകിൽ നൽകുകയോ നിരസിക്കുകയോ അല്ലെങ്കിൽ എന്തെങ്കിലും പണി നടത്തുന്നതിനു തന്റെ അനുവാദം ഒന്നുകിൽ നൽകുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ, ഗ്രാമപഞ്ചായത്തിന് അപേക്ഷകന്റെ രേഖാമൂലമായ അഭ്യർത്ഥനയിന്മേൽ അങ്ങനെയുള്ള അംഗീകാരമോ അനുവാദമോ നൽകണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള രേഖാമൂലമായ അപേക്ഷ ലഭിച്ചതു മുതൽ ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് അങ്ങനെയുള്ള അംഗീകാരമോ അനുവാദമോ നൽകണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നില്ലെങ്കിൽ, അങ്ങനെയുള്ള അംഗീകാരമോ അനുവാദമോ നൽകപ്പെട്ടതായി കരുതേണ്ടതും, അപേക്ഷകന് പണി ആരംഭിക്കാവുന്നതുമാണ്. എന്നാൽ അത് ഈ ആക്റ്റിലേയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലെയോ ബൈലാകളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കത്തക്കവിധം ആയിരിക്കുവാൻ പാടുള്ളതല്ല.

** ** ** **

